സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 12 2025 മാർച്ച് 15 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഹോളി ആഘോഷത്തിനിടെ സംഘർഷം; ഒന്നാം വർഷ ഡിഗ്രി വിദ്യാർഥിക്ക് പരിക്ക്

കണ്ണൂർ: പയ്യന്നൂർ കോളേജിൽ ഹോളി ആഘോഷത്തിനിടെ വിദ്യാർഥികൾ തമ്മിൽ ഏറ്റുമുട്ടി. സീനിയർ-ജൂനിയർ വിദ്യാർഥികളാണ് പരസ്പരം ഏറ്റുമുട്ടിയത്. വെള്ളിയാഴ്ച വൈകിട്ടു നടന്ന സംഘർഷത്തിൽ ഒന്നാം വർഷ ഹിന്ദി വിദ്യാർഥി അർജുന് പരിക്കേറ്റു. വാരിയെല്ലിന് പരിക്കേറ്റ അർജുൻ പയ്യന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. സീനിയർ വിദ്യാർഥികളാണ് മർദ്ദിച്ചതെന്ന് അർജുൻ പറഞ്ഞു. 25-ലധികം വിദ്യാർഥികൾ കൂട്ടമായാണ് അർജുനെ മർദിച്ചത്. രണ്ടാം വർഷ വിദ്യാർഥികൾക്കൊപ്പം നടന്നുവെന്ന് ആരോപിച്ചാണ് മർദനം എന്നാണ് അർജുൻ പറയുന്നത്. അർജുന്റെ പരാതിയിൽ പയ്യന്നൂർ പോലീസ് കേസ് എടുത്തു. വിദ്യാർഥിയുടെ പരിക്ക് ഗുരുതരമല്ലെന്നാണ് ആശുപത്രിയിൽ നിന്നും ലഭിക്കുന്ന വിവരം.

കഞ്ചാവിന്റെ ഉറവിടം കണ്ടെത്തിയെന്ന് സൂചന

കാരണമായത് പ്രിൻസിപ്പലിന്റെ കത്ത്

കൊച്ചി: കളമശേരി പോളിടെക്നിക്ക് ലഹരിക്കേസിൽ ഹോസ്റ്റലിലേക്ക് കഞ്ചാവെത്തിച്ച പൂർവ വിദ്യാർത്ഥികളുടെ അറസ്റ്റ് രേഖപ്പെടുത്തി. ആഷിക്, ഷാരിൽ എന്നിവരാണ് പിടിയിലായത്. കഴിഞ്ഞ വർഷം കോളേജിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളാണിവർ. ഇവർക്ക് കഞ്ചാവ് എവിടെ നിന്നാണ് ലഭിച്ചതെന്ന സൂചന ചോദ്യം ചെയ്യലിലൂടെ ലഭിച്ചിട്ടുണ്ടെന്ന് തൃക്കാക്കര എസിപി ടി വി ബേബി മാദ്ധ്യമങ്ങളോട് പറഞ്ഞു.

'വിദ്യാർത്ഥികൾ ഉൾപ്പെട്ട കേസാണിത്. പൂർണമായ തെളിവുകൾ ലഭിച്ചതിനുശേഷമേ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താനാകൂ. അറസ്റ്റിലായവരാണ് കഞ്ചാവ് വിതരണം ചെയ്തിട്ടുള്ളത്. കേസിൽ കൂടുതൽ ആളുകൾ ഉണ്ടായിരിക്കും, വിദ്യാർത്ഥികളുടെ ആവശ്യപ്രകാരമാണ് ഇവർ ഹോസ്റ്റലിൽ സാധനം എത്തിച്ചിട്ടുള്ളത്. ഇവർക്കെതിരെ മറ്റ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നതിനെക്കുറിച്ചും അന്വേഷണം നടക്കുകയാണ്. പൂർവ വിദ്യാർത്ഥികൾക്ക് കഞ്ചാവ് എവിടെ നിന്നാണ് ലഭിച്ചത് എന്നതിനെക്കുറിച്ച് സൂചന ലഭിച്ചിട്ടുണ്ട്'- എസിപി വ്യക്തമാക്കി.

ഹോളി ആഘോഷത്തിന്റെ ഭാഗമായി 500 രൂപ മുതലാണ് ഹോസ്റ്റലിൽ കഞ്ചാവ് വിൽപ്പന നടത്തിയതെന്നാണ് സൂചന. അതുകൊണ്ട് തന്നെ പ്രതികളുടെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിക്കാനും അന്വേഷണസംഘം തീരുമാനിച്ചിട്ടുണ്ട്. ഫോൺ രേഖകളും അന്വേഷണസംഘം പരിശോധിക്കും. അറസ്റ്റുചെയ്ത് ജാമ്യത്തിൽ വിട്ടയച്ച വിദ്യാർത്ഥികളെ ആവശ്യമെങ്കിൽ പൊലീസ് വീണ്ടും വിളിച്ചുവരുത്തി ചോദ്യം ചെയ്യും.

അതേസമയം, കോളേജ് പ്രിൻസിപ്പൽ ഡോ. ഐജു തോമസിന്റെ നിർണായകമായ ഇടപെടലിലൂടെയാണ് കൂടുതൽ വിവരങ്ങൾ പുറത്തുവന്നത്. ക്യാംപസിൽ ഹോളി ആഘോഷത്തിന്റെ ഭാഗമായി ലഹരിമരുന്ന് ഉപയോഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും ഇതിനായി പണപ്പിരിവ് നടക്കുന്നുണ്ടെന്നും കാട്ടി പ്രിൻസിപ്പൽ പൊലീസിന് പരാതി നൽകിയിരുന്നു. ഇതാണ് റെയ്ഡിലേക്ക് നയിച്ചത്.

പ്രിൻസിപ്പൽ അയച്ച കത്തിലെ വിവരങ്ങൾ

ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ 14-ാം തീയതി ഉച്ച മുതൽ ഹോളി ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മദ്യം, ലഹരി മരുന്ന്, മറ്റ് ലഹരി പദാർഥങ്ങളുടെയും അനിയന്ത്രിത ഉപയോഗം അന്നേ ദിവസം ഉണ്ടാകും എന്ന് വിശ്വസനീയ ഉറവിടങ്ങളിൽ നിന്ന് വിവരം ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഈ ആവശ്യത്തിലേക്കായി പണപ്പിരിവ് നടത്തുന്നതായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അവസരത്തിൽ ക്യാംപസിനുള്ളിൽ പൊലീസിന്റെ സാന്നിദ്ധ്യം ഉണ്ടാകണമെന്നും നിരീക്ഷണം കൂടുതൽ ശക്തമാക്കണമെന്നും ക്യാംപസിന് പുറത്തും ഹോസ്റ്റൽ കേന്ദ്രീകരിച്ചും ലഹരി ഉപയോഗത്തിനെതിരെ സമുചിതമായ ഇടപെടൽ ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

ബിജെപി അദ്ധ്യക്ഷൻ: സാദ്ധ്യതകൾ തള്ളാതെ രാജീവ് ചന്ദ്രശേഖർ

തിരു : ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ പദവിയിലേക്ക് ആരെത്തുമെന്ന ചോദ്യം നാളുകളായി ഉയരുകയാണ്. കെ സുരേന്ദ്രൻ ഒഴിയുന്ന സ്ഥാനത്തേക്ക് ഒട്ടേറെ നേതാക്കളുടെ പേരുകൾ പരിഗണനയിലുണ്ട്. ശോഭ സുരേന്ദ്രൻ, എംടി രമേശ് എന്നിങ്ങനെയുള്ള പേരുകൾ സജീവമാണെങ്കിലും ദേശീയ നേതൃത്വം ആരെ പരിഗണിക്കുമെന്നതിൽ വ്യക്തതയില്ല. ഇപ്പോഴിതാ തിരുവനന്തപുരം ലോക്സഭ മണ്ഡലത്തിൽ മത്സരിച്ചതിന് പിന്നാലെ കേരളത്തിൽ സജീവമായ രാജീവ് ചന്ദ്രശേഖറിന്റെ പേരും അദ്ധ്യക്ഷ സ്ഥാനത്തേക്ക് പരിഗണിക്കുന്നതായി റിപ്പോർട്ടുകൾ.

മാദ്ധ്യമങ്ങളോടുള്ള പ്രതികരണത്തിൽ രാജീവ് ചന്ദ്രശേഖറും ഇക്കാര്യം തള്ളിയിട്ടില്ല. അദ്ധ്യക്ഷൻ ആരാകുമെന്ന പ്രഖ്യാപനം അടുത്തിരിക്കെയാണ് തനിക്കും സാദ്ധ്യതയുണ്ടെന്ന് രാജീവ് ചന്ദ്രശേഖർ പറയുന്നു. സംസ്ഥാന അദ്ധ്യക്ഷൻ സ്ഥാനത്തേക്ക് തനിക്കും സാദ്ധ്യതയുണ്ടെന്ന് രാജീവ് പറയുന്നു.

ബിജെപി മണ്ഡലം പ്രസിഡന്റിനെ ഓടിച്ചിട്ട് വെടിവച്ച് കൊലപ്പെടുത്തി

ചണ്ഡിഗഡ്: ബിജെപി നേതാവിനെ ഓടിച്ചിട്ട് വെടിവച്ച് കൊലപ്പെടുത്തി. ഹരിയാനയിലെ സോണിപത് ജില്ലയിൽ ഇന്നലെ രാത്രിയാണ് സംഭവം. മുന്ദ്‌ലാന ബിജെപി മണ്ഡലം പ്രസിഡന്റ് സുരേന്ദ്ര ജവഹർ ആണ് കൊല്ലപ്പെട്ടത്. ഇന്നലെ രാത്രി ഒൻപതരയോടെ ജവഹർ ഗ്രാമത്തിലായിരുന്നു സംഭവം നടന്നത്. ഭൂമിതർക്കത്തിന്റെ പേരിൽ അയൽവാസി സുരേന്ദ്രയെ വെടിവച്ച് കൊലപ്പെടുത്തുകയായിരുന്നു.

പ്രതിയുടെ വിവരങ്ങൾ പൊലീസ് പുറത്തുവിട്ടിട്ടില്ല. പ്രതിയുടെ ബന്ധുവായ സ്ത്രീയുടെ പേരിൽ സുരേന്ദ്ര വാങ്ങിയ ഭൂമിയുടെ പേരിലുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. തർക്കഭൂമിയിൽ കാലുകുത്തരുതെന്ന് സുരേന്ദ്രക്ക് പ്രതി മുന്നറിയിപ്പ് നൽകിയിരുന്നതായി പൊലീസ് പറഞ്ഞു. എന്നാൽ ഇന്ന ലെ രാത്രിയിൽ സുരേന്ദ്ര ഇവിടെയെത്തിയതാണ് പ്രതിയെ പ്രകോപിപ്പിച്ചത്.

തുടർന്ന് സുരേന്ദ്രയെ പ്രതി പിന്തുടരുകയും ഭയന്നോടി ബിജെപി നേതാവ് ഒരു കടയ്ക്കുള്ളിൽ പ്രവേശിക്കുകയുമായിരുന്നു. പിന്നാലെയെത്തിയ പ്രതി സുരേന്ദ്രയെ വെടിവച്ച് കൊലപ്പെടുത്തുകയായിരുന്നു. മൂന്നു തവണയാണ് വെടിയുതിർത്തത്. സുരേന്ദ്ര സംഭവ സ്ഥലത്തുവച്ചുതന്നെ മരണപ്പെട്ടു. സുരേന്ദ്ര കടയിലേയ്ക്ക് ഓടിക്കയറുന്നതിന്റെയും പിന്നാലെയെത്തിയ പ്രതി വെടിയുതിർക്കുന്നതിന്റെയും ദൃശ്യങ്ങൾ പുറത്തുവന്നു.

ഫി.സി. ജോർജിനെതിരേ കേസെടുക്കേണ്ടെന്ന് നിയമോപദേശം

കോട്ടയം: വിവാദ ലൗ ജിഹാദ് പരാമർശത്തിൽ ബിജെപി നേതാവ് പി.സി. ജോർജിനെതിരെ കേസെടുക്കില്ല. പി.സി. ജോർജിന്റെ പ്രസംഗത്തിൽ കേസെടുക്കേണ്ടതായി ഒന്നുമില്ലെന്നാണ് പോലീസിന് ലഭിച്ച നിയമോപദേശം. കെസിബിസിയുടെ ലഹരിവിരുദ്ധ സെമിനാറിലായിരുന്നു പി.സി. ജോർജിന്റെ വിവാദപരാമർശം.

പരാമർശത്തിനെതിരെ വിവിധ സംഘടനകൾ രംഗത്തെത്തിയിരുന്നു. യൂത്ത് കോൺഗ്രസും യൂത്ത് ലീഗും പോലീസിൽ പരാതി നൽകി. ഇതിന് പിന്നാലെയാണ് കേരള പോലീസ് നിയമോപദേശം തേടിയത്.

പി.സി. ജോർജ് നടത്തിയ പ്രസംഗത്തിൽ കേസെടുക്കാൻതക്ക ഗൗരവമുള്ളതൊന്നുമില്ലെന്നാണ് പോലീസിന് ലഭിച്ച നിയമോപദേശം. അതേസമയം, പോലീസിന്റെ സമീപനത്തിനെതിരെ കോടതിയെ സമീപിക്കുമെന്ന് യൂത്ത് ലീഗ് വ്യക്തമാക്കി. മീനച്ചിൽ താലൂക്കിൽ മാത്രം നാനൂറോളം പെൺകുട്ടികളെയാണ് ലൗജിഹാദിലൂടെ നഷ്ടമായത് എന്നായിരുന്നു പി.സി. ജോർജിന്റെ പരാമർശം.

ലോക്കോ പൈലറ്റ് വേഗത കുറച്ചു, അമരാവതി എക്സ്പ്രസ് ഇടിച്ച ലോറി രണ്ടായി പിളർന്നു

മുംബയ്: റെയിൽവെ ലെവൽ ക്രോസിംഗിൽ കുടുങ്ങിയ ലോറിയിൽ മുംബയ് അമരാവതി എക്സ്പ്രസ് ഇടിച്ചുകയറി അപകടം. ഭുസാവൽ ഡിവിഷനിലെ ബോഡ്വാഡ് റെയിൽവേ സ്റ്റേഷന് സമീപത്താണ് നാടിനെ നടുക്കിയ അപകടം നടന്നത്.

അപകട ശേഷമുള്ള നടുക്കുന്ന ദൃശ്യങ്ങളും സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കുന്നുണ്ട്. തലനാരിഴയ്ക്കാണ് ആളുകൾ പരിക്കുകളില്ലാതെ രക്ഷപ്പെട്ടത്. യാത്രക്കാർ സുരക്ഷിതമാണെന്ന് റെയിൽവെ അറിയിച്ചിട്ടുണ്ട്. ട്രെയിൻ ഇടിക്കുമ്പോൾ ലോറി ഡ്രൈവർ പുറത്തായിരുന്നു. അതുകൊണ്ട് പരിക്കുകളില്ലാതെ രക്ഷപ്പെട്ടു.

പുലർച്ച 4.30ഓടെയാണ് ഗോതമ്പ് കയറ്റിയ ട്രക്ക് റെയിൽവെ പാളം മുറിച്ച് കടക്കാൻ ശ്രമിച്ചത്. വളരെ കാലമായി അടച്ചിട്ടിരിക്കുന്ന ലെവൽ ക്രോസിൽ ലോറി കുടുങ്ങിപ്പോകുകയായിരുന്നു. പകരം സ്ഥാപിച്ച ഓവർ ബ്രിഡ്ജിൽ കയറാതെയാണ് ഡ്രൈവർ ലെവൽ ക്രോസിലേക്ക് വണ്ടി ഓടിച്ചുകയറ്റിയത്. ലെവൽ ക്രോസിന്റെ സ്റ്റോപ്പർ തകർത്താണ് പാളത്തിലേക്ക് ലോറി കയറ്റിയത്. പാളത്തിൽ ലോറി നിർത്തിയിട്ടത് ശ്രദ്ധയിൽപ്പെട്ട ലോക്കോ പൈലറ്റ് വേഗത കുറച്ചത് കൊണ്ടാണ് വലിയ അപകടം ഒഴിവായത്. ഈ സമയത്ത് ഡ്രൈവർ ലെവൽ ക്രോസ് കടക്കാൻ ആളുകളുടെ സഹായം തേടാൻ പുറത്തായിരുന്നു. അതുകൊണ്ട് ഡ്രൈവർ രക്ഷപ്പെട്ടു.

ഇടിയുടെ ആഘാതത്തിൽ ലോറി രണ്ടായി പിളർന്നു. അപകടത്തിൽ ട്രെയിനിന്റെ എഞ്ചിന് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നാണ് റിപ്പോർട്ട്. എന്നാൽ റെയിൽവെയുടെ ഓവർഹെഡ് ഇലക്ട്രിക് വയറുകൾ ഉൾപ്പടെ തകർന്നിട്ടുണ്ട്. ഇതേ തുടർന്ന് മണിക്കൂറുകളോളം റെയിൽവെ ഗതാഗതം തടസപ്പെട്ടു. സംഭവത്തിൽ തമിഴ്നാട് സ്വദേശിയായ ലോറിയുടെ ഡ്രൈവർ പൂവരസുവിനെ ബോദാഡ് പൊലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

41 രാജ്യങ്ങളിൽനിന്നുള്ളവർക്ക് യാത്രാനിയന്ത്രണം ഏർപ്പെടുത്താൻ ട്രംപ്; പട്ടികയിൽ പാകിസ്താനും

വാഷിങ്ടൺ: 41-ഓളം രാജ്യങ്ങളിലെ പൗരന്മാർക്ക് യാത്രാനിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള നടപടികളുമായി യുഎസിലെ ട്രംപ് ഭരണകൂടം. രാജ്യങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് അവിടുത്തെ പൗരന്മാർക്ക് വിസാ വിലക്കുൾപ്പെടെ ഏർപ്പെടുത്താനാണ് നീക്കം. ഇന്ത്യയുടെ അയൽരാജ്യങ്ങളായ പാകിസ്താൻ, ഭൂട്ടാൻ, മ്യാൻമർ എന്നിവിടങ്ങളിലെ പൗരന്മാർക്കടക്കം നിയന്ത്രണങ്ങൾ വരും.

പത്തു രാജ്യങ്ങൾ ഉൾപ്പെട്ട ആദ്യ പട്ടികയിൽ അഫ്ഗാനിസ്ഥാൻ, ഇറാൻ, സിറിയ, ക്യൂബ, വടക്കൻ കൊറിയ തുടങ്ങിയ രാജ്യങ്ങളാണുള്ളത്. ഇവിടെനിന്നുള്ളവരുടെ വിസ പൂർണമായും റദ്ദാക്കും. എറിത്രിയ, ഹെയ്തി, ലാവോസ്, മ്യാൻമർ, ദക്ഷിണ സുഡാൻ എന്നീ അഞ്ച് രാജ്യങ്ങളാണ് രണ്ടാം പട്ടികയിലുള്ളത്. ഇവർക്ക് വിസ അനുവദിക്കുന്നതിൽ ഭാഗിക നിയന്ത്രണമാണ് ഉണ്ടാവുക. ടൂറിസ്റ്റ്, സ്റ്റുഡന്റ്, കുടിയേറ്റ വിസകൾ അനുവദിക്കുന്നതിലാണ് നിയന്ത്രണം.

26 രാജ്യങ്ങളാണ് മൂന്നാമത്തെ വിഭാഗത്തിലുള്ളത്. പാകിസ്താനും ഭൂട്ടാനുമടക്കമുള്ള രാജ്യങ്ങളാണ് ഈ പട്ടികയിലുള്ളത്. 60 ദിവസത്തിനുള്ളിൽ പോരായ്മകൾ പരിഹരിക്കാൻ സർക്കാരുകൾ തയ്യാറായില്ലെങ്കിൽ ഈ രാജ്യങ്ങളിലെ പൗരന്മാരുടെ വിസ ഭാഗികമായി റദ്ദാക്കും. ട്രംപ് ഭരണകൂടത്തിലെ ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വാർത്താഏജൻസിയായ റോയിട്ടേഴ്സാണ് ഇക്കാര്യം റിപ്പോർട്ടുചെയ്തത്. പട്ടികയിൽ മാറ്റമുണ്ടാവാമെന്നും നിലവിലെ നിർദേശത്തിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലെന്നും വൃത്തങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

പ്രസിദ്ധമായ തൃശ്ശൂർ പൂരം മെയ് 6ന്

തൃശൂർ : ഇത്തവണ തൃശ്ശൂർ പൂരം 2025 മെയ് 6ന് നടത്തും. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന വെടികെട്ട് നിയന്ത്രണങ്ങൾ ചർച്ച ചെയ്തെന്നും, പൂരത്തിന് പരിചയ സമ്പന്നരായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുമെന്നും ദേവസ്വം മന്ത്രി വി. എൻ വാസവൻ അറിയിച്ചു. മന്ത്രിമാരായ കെ രാജൻ, ബിന്ദു തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തിരുന്നു

കൊയിലാണ്ടിയിൽ കരിമരുന്ന് പ്രയോഗത്തിനിടെ അപകടം; 2പേർക്ക് പരിക്ക്

കോഴിക്കോട്: കൊയിലാണ്ടിയിൽ കരിമരുന്ന് പ്രയോഗത്തിനിടെയുണ്ടായ അപകടത്തിൽ രണ്ടുപേർക്ക് പരിക്ക്. അഭിനന്ദ്, സംഗീത് എന്നിവർക്കാണ് പരിക്കേറ്റത്. മുചുകുന്ന് കോട്ട കോവിലകം ക്ഷേത്രത്തിൽ വെള്ളിയാഴ്ച രാത്രിയോടെയായിരുന്നു അപകടം. പടക്കം പൊട്ടിച്ചപ്പോൾ സമീപത്ത് കൂടിനിന്ന ആളുകളുടെ ഇടയിലേക്ക് തീപ്പൊരി തെറിച്ചുവീഴുകയായിരുന്നു.

രന്യയ്ക്ക് രക്ഷയില്ല; സ്വർണക്കടത്തുകേസിൽ ജാമ്യാപേക്ഷ തള്ളി കോടതി

ബംഗളൂരു: സ്വർണക്കടത്തുക്കേസിൽ അറസ്റ്റിലായ കന്നഡ നടി രന്യാ റാവുവിന്റെ ജാമ്യാപേക്ഷ കർണാടകയിലെ പ്രത്യേക കോടതി തള്ളി. നടിക്കെതിരെ ഗൗരവകരമായ കുറ്റങ്ങൾ ചുമത്തിയതിനെ തുടർന്നാണ് നടപടി. മാർച്ച് മൂന്നിനാണ് 12.56 കോടി രൂപ വിലമതിക്കുന്ന സ്വർണവുമായി നടി ബംഗളൂരു വിമാനത്താവളത്തിൽ പിടിയിലായത്. തുടർന്ന് നടത്തിയ പരിശോധനയിൽ 2.06 കോടി വിലമതിക്കുന്ന സ്വർണാഭരണങ്ങളും 2.67 കോടി രൂപയും നടിയുടെ കൈവശം നിന്ന് കണ്ടെത്തിയിരുന്നു.

നടിക്ക് അന്താരാഷ്ട്ര സ്വർണക്കടത്തുമായി ബന്ധമുണ്ടോയെന്നതിനെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പരിചയമില്ലാത്ത ഫോൺ നമ്പരുകളിൽ നിന്ന് തനിക്ക് സ്വർണം കടത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ലഭിച്ചിരുന്നതായും നടി മൊഴി നൽകിയിട്ടുണ്ട്. യൂട്യൂബ് വീഡിയോകൾ കണ്ടാണ് സ്വർണം ഒളിപ്പിക്കാൻ പഠിച്ചതെന്നും ആദ്യമായാണ് സ്വർണം കടത്തിയതെന്നും രന്യ മൊഴി നൽകി. ദുബായ് വിമാനത്താവളത്തിൽ ഗൗൺ ധരിച്ച ഉയരമുള്ള ഒരാളാണ് തനിക്ക് സ്വർണം കൈമാറിയതെന്നും പറയുന്നു.

കടത്തുന്ന ഓരോ കിലോഗ്രാം സ്വർണത്തിനും ഒരു ലക്ഷം രൂപ പ്രതിഫലമായി ലഭിച്ചിട്ടുണ്ടെന്നും അത്തരത്തിൽ ഓരോ യാത്രയിലും 1213 ലക്ഷം രൂപ നടി സമ്പാദിച്ചതായാണ് വിവരം. രന്യയുടെ ഭർത്താവും ജിതിൽ ഫുക്കേരിയും അന്വേഷണ പരിധിയിൽ വന്നിട്ടുണ്ട്. ബംഗളൂരു വിമാനത്താവളത്തിലെത്തിയ രന്യയെ സഹായിക്കാനായി അവരുടെ രണ്ടാനച്ഛനും ഡി.ജി.പി റാങ്കിലുള്ള ഉദ്യോഗസ്ഥനുമായ രാമചന്ദ്ര റാവു നിർദ്ദേശിച്ചിരുന്നുവെന്ന് കഴിഞ്ഞ ദിവസം പൊലീസ് കോൺസ്റ്റബിൾ അന്വേഷണ സംഘത്തിന് മൊഴി നൽകിയിരുന്നു. ഇതനുസരിച്ച് അന്വേഷണം വ്യാപിപ്പിച്ചിരിക്കുകയാണ്. രന്യക്കുപിന്നിൽ വൻ റാക്കറ്റുണ്ടോ എന്നതടക്കം അന്വേഷിച്ചുവരികയാണ്.

മ്യൂച്ചൽഫണ്ട്; അടുത്തറിയാം

നേട്ടം കൊയ്യാം, മ്യൂച്ചൽഫണ്ട് ക്യാംപ്

പ്രമുഖ ധനകാര്യ സേവനദാതാവായ ധനലക്ഷ്മി സെക്യൂരിറ്റീസും മനോരമ സമ്പാദ്യവും ചേർന്ന് തൃശൂരിൽ മ്യൂച്ചൽഫണ്ട് ക്യാംപ് നടത്തുന്നു.

മ്യൂച്ചൽഫണ്ട് നിക്ഷേപത്തിലെ വ്യത്യസ്തവും മികച്ചതുമായ നിക്ഷേപ അവസരങ്ങളെക്കുറിച്ച് ആഴത്തിൽ അറിയാനും നേട്ടമെടുക്കാനും ആഗ്രഹമുള്ള നിക്ഷേപകനാണോ നിങ്ങൾ? എങ്കിൽ അതിനുള്ള മികച്ച അവസരമായിരിക്കും മനോരമ സമ്പാദ്യവുമായി സഹകരിച്ച് പ്രമുഖ ധനകാര്യ ഉപദേശക സ്ഥാപനമായ ധനലക്ഷ്മി സെക്യൂരിറ്റീസ് ഇന്ന് സംഘടിപ്പിക്കുന്ന മ്യൂച്ചൽഫണ്ട് ക്യാംപ്. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളത്തിലെ മുൻനിര വെൽത്ത് മാനേജ്മെന്റ് സേവനദാതാവായ ധനലക്ഷ്മി സെക്യൂരിറ്റീസ് മ്യൂച്ചൽഫണ്ടുകളിലാണ് ഫോക്കസ് ചെയ്യുന്നത്.

ഡോ. എ.ആർ.മേനോൻ റോഡിൽ കുന്നത്തുമന ലൈനിൽ ധനലക്ഷ്മി സെക്യൂരിറ്റീസിന്റെ പുതിയ കോർപറേറ്റ് ഓഫിസ് ഇന്ന് രാവിലെ 10 മണിക്ക് ഉദ്ഘാടനം ചെയ്തുതുടർന്ന് സമ്പാദ്യവുമായി ചേർന്നുള്ള മ്യൂച്ചൽഫണ്ട് ക്യാംപ് നടക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് മാർച്ച് 31 വരെ നിങ്ങുനിൽക്കുന്ന ഇൻവെസ്റ്റർ സർവീസ് ക്യാംപും ഇൻവെസ്റ്റേഴ്സ് മീറ്റും ഉണ്ടാകും. മുൻനിര മ്യൂച്ചൽഫണ്ട് കമ്പനികളായ ആദിത്യ ബിർള സൺലൈഫ് അസെറ്റ് മാനേജ്മെന്റ് കമ്പനിയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ എ.ബാലസുബ്രഹ്മണ്യൻ, സുന്ദരം മ്യൂച്ചൽഫണ്ടിന്റെ മുൻ മാനേജിങ് ഡയറക്ടർ സുനിൽ സുബ്രഹ്മണ്യൻ എന്നിവർ ക്യാംപിൽ മ്യൂച്ചൽഫണ്ടിന്റെ തനതു മികവുകളെക്കുറിച്ചു വിശദീകരിക്കും. എൻ.എസ്.വെങ്കിടേഷ് (മുൻ ആംഫി സിഇഒ), പുലികേശി ഐപിഎസ് (റിട്ടയേർഡ്), കെ.എസ്. കൃഷ്ണൻ (മുൻ സിഎഫ്ഒ, സൗത്ത് ഇന്ത്യൻ ബാങ്ക്), ഡോ. പി.എസ്. കൃഷ്ണമൂർത്തി, ടി.എസ്.അനന്തരാമൻ (മുൻ സിഎസ്ബി ബാങ്ക് ചെയർമാൻ) എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിക്കും.

2004 ജൂൺ 15ന് തുടക്കംകുറിച്ച ധനലക്ഷ്മി സെക്യൂരിറ്റീസിന്റെ നിലവിലെ സാമ്പത്തികസാഹചര്യങ്ങളും നിക്ഷേപസാധ്യതകളും വിലയിരുത്തുന്ന പാനൽ ഡിസ്കഷൻ, ബജറ്റ് വിശകലനം എന്നിവയും ക്യാംപിനോടനുബന്ധിച്ചു നടക്കും. ഉപഭോക്താക്കൾക്കു നൂതനവും മികച്ചതുമായ സേവനങ്ങൾ ഉറപ്പുവരുത്താനാണ് ക്യാംപ് സംഘടിപ്പിക്കുന്നതെന്ന് ധനലക്ഷ്മി സെക്യൂരിറ്റീസ് മാനേജിങ് ഡയറക്ടർ ആർ.വൈത്തീശ്വരൻ അയ്യർ പറയുന്നു. രാജ്യത്തെ നാൽപതോളം പ്രമുഖ മ്യൂച്ചൽഫണ്ട്, ഇൻഷുറൻസ് സ്ഥാപനങ്ങളുടെ സേവനങ്ങളാണ് നൽകുന്നത്. 21 വർഷമായി ഇൻവെസ്റ്റ്മെന്റ് പ്രോഡക്ട്സ്, ഇൻഷുറൻസ്, സ്റ്റോക് ബ്രോക്കിങ്, നോൺ-ലൈഫ് ഇൻഷുറൻസ് തുടങ്ങി എല്ലാത്തരം ധനകാര്യ സേവനങ്ങളും ഒരേ കുടക്കീഴിൽ നൽകാൻ സ്ഥാപനത്തിനാകുന്നുണ്ട്. സാമ്പത്തിക ബോധവൽക്കരണത്തിനായി ധൻസെക് ഇൻവെസ്റ്റർ അവയർനെസ് ക്ലബ്ബും ലൈബ്രറിയും സ്ഥാപനത്തിനു കീഴിൽ ഒരുക്കുന്നുണ്ട്. ഓൺലൈൻ സേവനങ്ങൾക്കായി വെബ്ബ് പോർട്ടലും ധൻസെക് മൊബൈൽ ആപ്പും സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 8138899882, 9446360204, vaithee@gmail.com, www.dhansec.com

ആർ. വൈത്തീശ്വരൻ അയ്യർ, എംഡി, ധനലക്ഷ്മി സെക്യൂരിറ്റീസ്

ഈ സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ

ഡീമാറ്റ് അക്കൗണ്ട്, ഓഹരി-മ്യൂച്ചൽ ഫണ്ടുകൾ ഡീമാറ്റ് ചെയ്യൽ, നഷ്ടപ്പെട്ട ഷെയർ സർട്ടിഫിക്കറ്റുകൾ തിരിച്ചെടുക്കൽ, ഇൻവെസ്റ്റർ എഡ്യൂക്കേഷൻ & പ്രൊട്ടക്ഷൻ ഫണ്ടിലേക്കു മാറ്റിയ നിക്ഷേപം വീണ്ടെടുക്കൽ, ക്ലെയിംചെയ്യാത്ത ഡിവിഡന്റ് നേടൽ, ഓഹരികൾ അനന്തരാവകാശിക്കു ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങൾ ധനലക്ഷ്മി നൽകുന്നു. ഓഹരി, മ്യൂച്ചൽഫണ്ട് നിക്ഷേപങ്ങൾ ഈടുനൽകി വായ്പയെടുക്കാനുള്ള സൗകര്യവും ഇവർ ഒരുക്കിയിട്ടുണ്ട്.

നാളെ 7-ാം ചരമവാർഷികം

(16-03-2025)

ഞങ്ങളുടെ പകലുകളിൽ സൂര്യനായ്
ഇരവുകളിലാർദ്ര നിലാവായ്...
വേനലുകളിലിളനീർക്കുളിർമയായ്
വേദനയിൽ സാന്ത്വനത്തെന്നലായ്
വിളക്കായ്, വെളിച്ചമായ് വിളങ്ങിയ
വാത്സല്യദീപമേ, പ്രണാമം!

തോംസൺ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ എം ഡി
പുന്നേലിപറമ്പിൽ തോമൻ മകൻ

പി.ടി.ജോൺസൺ

Thomson Group, Kombodinjamakkal

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സഹകരണ സംഘങ്ങളെ തകർക്കുവാനുള്ള സർക്കാരിന്റെ നടപടികൾ അവസാനിപ്പിക്കുക: എം കെ അബ്ദുൽസലാം

തൃശൂർ: പ്രാഥമിക സഹകരണ സംഘങ്ങൾ മുതൽ കാർഷിക സഹകരണ സംഘങ്ങൾ വരെ തകർക്കുവാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗൂഢ നീക്കങ്ങൾ ഉടൻ നിർത്തിവെക്കണമെന്ന് എം കെ അബ്ദുൽസലാം. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ പിരിച്ചുവിടുന്നത് ഉൾപ്പെടെ, സഹകരണ രംഗത്ത് നടക്കുന്ന രാഷ്ട്രീയ അതിപ്രസര നടപടികൾ തുടരുന്ന മുഖ്യമന്ത്രിയുടെയും വകുപ്പിന്റെയും പ്രവർത്തനങ്ങൾ ഉടൻ നിർത്തിവെക്കണമെന്നും സഹകരണ സംരക്ഷണ വേദി ജില്ലാ പ്രസിഡന്റ് കൂടിയായ അദ്ദേഹം ആവശ്യപ്പെട്ടു. കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് കോൺഗ്രസ് (ഐഎൻടിയുസി) സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം, തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശ്ശൂർ ജോയിൻ രജിസ്ട്രാർ ഓഫീസിന് (സിവിൽ സ്റ്റേഷന്) മുമ്പിൽ നടത്തിയ കൂട്ട ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോൺഗ്രസ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് കെ എസ് ജോൺസൺ അധ്യക്ഷത വഹിച്ച യോഗത്തിൽ, ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി, വി എ ഷംസുദ്ദീൻ, കെ എൻ നാരായണൻ, വിനയൻ പണിക്കവളപ്പിൽ, വിജയൻ പുളിങ്കുഴി, രമ്യ രാജീവ്, സന്തോഷ് ചെറിയാൻ, വി എ ഷാജി, എം എ സുബൈർ, സി പി വിജയലക്ഷ്മി, തുടങ്ങിയവർ സംസാരിച്ചു.

6-ാമത് ഇരിങ്ങാലക്കുട അന്താരാഷ്ട്ര ചലച്ചിത്രമേള; വിജയികളെ പ്രഖ്യാപിച്ചു

ഇരിങ്ങാലക്കുട : ആറാമത് ഇരിങ്ങാലക്കുട അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഭാഗമായി കോളേജ് വിദ്യാർഥികൾക്കായി നടത്തിയ അഖിലകേരള ലേഖനമൽസരത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ബി എ ഫംഗ്ഷണൽ ഇംഗ്ലീഷ് വിദ്യാർഥിനി കെ സേതുലക്ഷ്മി ഒന്നാം സ്ഥാനവും തൃശ്ശൂർ പുറനാട്ടുകര സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി വിദ്യാർഥിനി എൻജലിൻ കെ ജെൽസൻ രണ്ടാം സ്ഥാനവും കാലിക്കറ്റ് സർവകലാശാല മലയാള - കേരള പഠന വിഭാഗം വിദ്യാർഥി കെ ടി പ്രവീൺ മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് മണപ്പുറം ഫൗണ്ടേഷൻ സ്പോൺസർ ചെയ്യുന്ന ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും മാർച്ച് 16 ന് നടക്കുന്ന ചലച്ചിത്രമേളയുടെ സമാപന ചടങ്ങിൽ സമ്മാനിക്കും.

'ഹിംസയും മാനവികതയും സിനിമകളിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ മൽസരത്തിൽ മികവ് പുലർത്തിയ 7 വിദ്യാർഥികൾക്ക് സ്പെഷ്യൽ ജൂറി അവാർഡുകളും നൽകും. തിരക്കഥാകൃത്ത് പി കെ ഭരതൻ മാസ്റ്റർ, തൃശ്ശൂർ ഡയറ്റ് ലക്ചറർ സനോജ് എം ആർ ,എഴുത്തുകാരൻ രാധാകൃഷ്ണൻ വെട്ടത്ത് എന്നിവർ അടങ്ങിയ ജൂറിയാണ് അവാർഡുകൾ നിർണ്ണയിച്ചത്.

ലഹരിക്ക് എതിരെ പ്രചരണം

ഇരിങ്ങാലക്കുട: കെ.എസ്.ടി.എ ഇരിങ്ങാലക്കുട ഉപജില്ല കമ്മിറ്റിയും ടീച്ചേഴ്സ് ബ്രിഗേഡ്സ് ക്യാപ്റ്റൻ സുധീർ കെ. എസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. സ്റ്റാൻഡിൽ നോട്ടീസ് വിതരണം നടത്തി. ഇരിങ്ങാലക്കുട ബി.ആർ.സി അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. സംസ്ഥാന കമ്മിറ്റി അംഗം ദീപ ആന്റണി, ടീച്ചേർസ് ബ്രിഗേഡ് ക്യാപ്റ്റൻ സുധീർ കെ. എസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

അമലയിൽ ലോക ഉപഭോക്തൃദിനാചരണം

തൃശൂർ: അമല മെഡിക്കൽ കോളേജിൽ നടത്തിയ ലോക ഉപഭോക്തൃദിനാചരണത്തിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീല രാമകൃഷ്ണൻ നിർവ്വഹിച്ചു. അമല ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ, ജോയിൻറ് ഡയറക്ടർ ഫാ.ഷിബു പുത്തൻപുരയ്ക്കൽ, വൈസ് പ്രിൻസിപ്പൾ ഡോ.ദീപ്തി രാമകൃഷ്ണൻ, ജനറൽ മാനേജർ ബോർജിയോ ലൂയിസ്, എൻറമോളജിസ്റ്റ് മുഹമ്മദ് റാഫി, പി.ആർ.ഒ. ജോസഫ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

ജില്ലാ ആസൂത്രണ സമിതി യോഗം

തൃശ്ശൂർ ജില്ലാ ആസൂത്രണ സമിതി യോഗം മാർച്ച് 17 ന് ഉച്ചയ്ക്ക് രണ്ടിന് ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ സുലേഖ സോഫ്റ്റെയറിൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനായി സമർപ്പിച്ച പ്രോജക്ടുകൾ പരിഗണിക്കുമെന്ന് ജില്ലാ പ്ലാനിങ് ഓഫീസർ അറിയിച്ചു.

പുതുക്കാട് ഗ്രാമ പഞ്ചായത്ത് 2025 - 26 ബജറ്റ്

പുതുക്കാട്: വരവ് 2579188 16രൂപയും ചിലവ് 254999762 രൂപയായും മിച്ചം 2919054രൂപയുമായി മാലിന്യ മുക്തത്തിനും കൃഷിക്കും മുൻഗണന നൽകിയുമുള്ള പുതുക്കാട് ഗ്രാമ പഞ്ചായത്ത് 2025 - 26 ബജറ്റ് വൈസ് പ്രസിഡന്റ് ഷൈനി ജോജു അവതരിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് അദ്ധ്യക്ഷനായിരുന്നു. ഗ്രാമ പഞ്ചായത്തംഗങ്ങളായ സെബി കൊടിയൻ, രതി ബാബു, സി സി സോമസുന്ദരൻ, ഷാജു കാളിയേങ്കര, ആൻസി ജോബി, സുമ ഷാജു, അനൂപ് മാത്യു, രശ്മി ശ്രീഷോബ്, പ്രീതി ബാലകൃഷ്ണൻ , ടീന തോബി, ഹിമ ദാസൻ , ഫിലോമിന ഫ്രാൻസീസ്, സി പി സജീവൻ സെക്രട്ടറി ഉമ ഉണ്ണികൃഷ്ണൻ , അക്കൗണ്ടന്റ് ഷാജു ഡി വിതയത്തിൽ എന്നിവർ പ്രസംഗിച്ചു.

മികച്ച അങ്കണവാടി വർക്കർക്കുള്ള സംസ്ഥാന അവാർഡ് നേടിയ സിനി ഐഡി യെ ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു.

സാധു സംരക്ഷണ നിധി പറവട്ടാനിയിൽ മെഡിക്കൽ ക്യാമ്പ് നാളെ

പറവട്ടാനി: തൃശൂർ ജനറൽ ആശുപത്രി ജീവിത ശൈലി രോഗ ക്ലിനിക്കുമായി സഹകരിച് ചർച്ച സ്കയർ മാർ അദ്ദായ് ശ്ലീഹ പള്ളിയിലെ വിശുദ്ധ അബീമലേക് തിമൊഥെയോസ് സ്മാരക സാധു സംരക്ഷണ നിധിയുടെ ജീവകാരുണ്യ പ്രവർത്തനത്തിൻെറ ഭാഗമായി മാർച്ച് 16ന് ഞായറാഴ്ച കാലത്ത് 10 മുതൽ 1 മണി വരെ പള്ളി മിനി ഹാളിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നു. ഡയറ്റിഷ്യൻ നയിക്കുന്ന ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും പ്രഷർ, ഷുഗർ നിണ്ണയം, അസുഖങ്ങൾക്കുള്ള പരിശോധനയും ഡോക്ടറുടെ സേവനവും സാജന്യ മരുന്ന് വിതരണവും ഉണായിരിക്കും. 8330833919 നമ്പറിൽ മിസ്ഡ് കോൾ ചെയ്ത് (10 മണി മുതൽ 1 മണി വരെയുള്ള സമയം) ബുക്ക് ചെയ്യാവുന്നതാണ്.

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി വർഗീസ് തൊടുപുറമ്പിൽ നേതൃത്വം കൊടുക്കുന്ന ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷന്റെ മുന്നിൽ നടക്കുന്ന ഒരു ദിവസത്തെ സത്യാഗ്രഹ സമരത്തിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്ന സമരപ്പന്തൽ ഈ സമരപ്പന്തൽ വരുംകാലങ്ങളിൽ ചരിത്രത്തിൽ ഇടംപിടിക്കുന്ന വികസനത്തിന്റെ ഏറ്റവും വലിയ രേഖയായിമാറും

ചേറൂർ വിജയപുരം വി.ഫ്രാൻസിസ് സേവ്യർ ദേവാലയത്തിലെ വി.ഔസേപ്പിതാവിന്റെ ഊട്ട് തിരുനാളിന് വികാരി ഫാ. അജിത്ത് തച്ചോത്ത് കൊടിയേറ്റുന്നു

നവ വൈജ്ഞാനിക സമൂഹ നിർമ്മിതി സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം: മന്ത്രി ഡോ. ആർ. ബിന്ദു

തൃശൂർ: കേരളത്തെ പുത്തൻ വൈജ്ഞാനിക സമൂഹമാക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്നും അതിനുള്ള പ്രവർത്തനങ്ങളാണ് മാതൃകാപരമായി നടപ്പാക്കുന്നതെന്നും ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. അയ്യന്തോൾ ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുവിദ്യാലയങ്ങളിലെല്ലാം അത്യാധുനിക നിലവാരത്തിലുള്ള പഠനാന്തരീക്ഷം ഒരുക്കുകയാണ്. പഠനത്തിനൊപ്പം നൈപുണ്യ വികസനവും സാധ്യമാക്കി ലോകോത്തര നിലവാരത്തിൽ സ്മാർട്ട് ക്ലാസ്മുറികളും, ലാബ്, ലൈബ്രറി സൗകര്യങ്ങളും ഒരുക്കിയെന്നും മന്ത്രി പറഞ്ഞു. അയ്യന്തോൾ ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിന്റെ വരുംകാല വികസന പ്രവർത്തനങ്ങൾക്കായി എച്ച്എസ്എസ്, എച്ച്എസ്, വിഎച്ച്എസ്ഇ, ജിഎൽപിഎസ് വിഭാഗങ്ങൾ ഒരുമിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി മികച്ച പഠനാന്തരീക്ഷം ഒരുക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 1.3 കോടി രൂപ ഫണ്ട് വിനിയോഗിച്ചാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. ഗ്രൗണ്ട് ഫ്ളോറിൽ മൂന്ന് ക്ലാസ് മുറികൾ, വാഷ് റൂം, ടോയ്‌ലറ്റ് എന്നിവയും ഫസ്റ്റ് ഫ്ളോറിൽ ഓഡിറ്റോറിയം സെക്കന്റ് ഫ്ളോറിൽ കോണി റൂം ഉൾപ്പെടെ 433.55 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് കെട്ടിടം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ചടങ്ങിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ട് എഞ്ചിനീയർ പി.ആർ ശ്രീലത പദ്ധതി വിശദീകരണം നടത്തി. കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജയപ്രകാശ് പൂവത്തിങ്കൽ, ഡിവിഷൻ കൗൺസിലർ എൻ. പ്രസാദ്, തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ എം.കെ അജിതകുമാരി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡോ. എ. അൻസാർ, വിദ്യാകിരണം കോഡിനേറ്റർ എൻ.കെ രമേഷ്, തൃശ്ശൂർ വെസ്റ്റ് എഇഒ ബിജു, പ്രധാന അധ്യാപിക വി.പി അഞ്ജലി, വിഎച്ച്എസ്ഇ പ്രിൻസിപ്പാൾ വി.വി ശാലിനി, എൽപി വിഭാഗം പ്രധാന അധ്യാപകൻ ടി.എം കമറുദ്ദീൻ, പിടി എ പ്രസിഡന്റ് ബി. അജികുമാർ, എസ്എംസി ചെയർമാൻ അഡ്വ. വി നീത, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രസിഡന്റ് രാധാകൃഷ്ണൻ പാറയിൽ തുടങ്ങിയവർ പങ്കെടുത്തു.

വാട്ടർ ടാങ്ക് വിതരണം ചെയ്തു

കൊടകര: ഗ്രാമപഞ്ചായത്തിലെ വാട്ടർ ടാങ്ക് വിതരണോദ്ഘാടനം കൊടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ നിർവ്വഹിച്ചു. കൊടകര പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വാട്ടർ ടാങ്കുകൾ വിതരണം ചെയ്തത്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ ഗുണഭോക്തകൾക്കായി 32 വാട്ടർ ടാങ്കുകൾ വിതരണം ചെയ്തു. ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികളാണ് കൊടകര പഞ്ചായത്തിലൂടെ നടത്തുന്നതെന്ന് പ്രസിഡന്റ് അമ്പിളി സോമൻ പറഞ്ഞു.

ചടങ്ങിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോയ് നെല്ലിശ്ശേരി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് കെ.ജി രജീഷ്, മെമ്പർമാരായ ഷിനി ജെയ്സൺ, സജിനി സന്തോഷ് തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിന് അസി. സെക്രട്ടറി എം.എ സുനിൽകുമാർ സ്വാഗതവും വാർഡ് മെമ്പർ എം.എ ഗോപാലൻ നന്ദിയും പറഞ്ഞു.

ഗസ്റ്റ് ഇലക്ട്രീഷ്യൻ ഇൻസ്ട്രക്ടർ ഒഴിവ്

തൃശൂർ: ദേശമംഗലം ഗവ. ഐ.ടി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. റിസർവേഷൻ റൊട്ടേഷൻ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം. സംവരണ വിഭാഗത്തിന്റെ അഭാവത്തിൽ മറ്റ് വിഭാഗം ഉദ്യോഗാർത്ഥികളെയും പരിഗണിക്കും. ബന്ധപ്പെട്ട വിഷയത്തിൽ എൻ.ടി.സി/എൻ.എ.സി യും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും എൻജിനീയറിങ് ഡിപ്ലോമയും രണ്ടുവർഷ പ്രവൃത്തി പരിചയവും എൻജിനീയറിങ് ഡിഗ്രിയും ഒരുവർഷ പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ അസ്സലും രണ്ട് പകർപ്പുകളും സഹിതം മാർച്ച് 18 ന് രാവിലെ 11 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. ഫോൺ: 04884 279944.

പുന്ന - കുന്നത്തുള്ളി റോഡ് നാടിന് സമർപ്പിച്ചു

ചാവക്കാട്: നഗരസഭയിൽ അഞ്ചാം വാർഡിലെ പുന്ന - കുന്നത്തുള്ളി റോഡ് നഗരസഭ ചെയർപേഴ്സൺ ഷീജ പ്രശാന്ത് ഉദ്ഘാടനം ചെയ്തു.

നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി 2024 - 25 ൽ ഉൾപ്പെടുത്തി അഞ്ച് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ ചിലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ചടങ്ങിൽ നഗരസഭാ വൈസ് ചെയർമാൻ കെ.കെ മുബാറക് അധ്യക്ഷത വഹിച്ചു. ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബുഷറ ലത്തീഫ്, നഗരസഭ കൗൺസിലർ ഷാഹിദ മുഹമ്മദ്, കെ.വി സത്താർ എന്നിവർ സംസാരിച്ചു.

കപ്പലണ്ടികൃഷി വിളവെടുപ്പ് നടത്തി

കൊടുങ്ങല്ലൂർ: ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിലെ കോച്ചാലി പെരുംതോടിന് സമീപമുള്ള തരിശുഭൂമിയിൽ കപ്പലണ്ടി കൃഷി വിളവെടുപ്പ് നടത്തി. പഞ്ചായത്ത് പ്രസിഡന്റ് എം.എസ് മോഹനന്റെ അധ്യക്ഷതയിൽ നടന്ന വിളവെടുപ്പ് കയ്പ്പമംഗലം എംഎൽഎ ഇ.ടി ടൈസൺ മാസ്റ്റർ ഉദ്ഘടാനം ചെയ്തു. എഴുന്നൂറ്റി അമ്പത് ഗ്രാം കപ്പലണ്ടി വിത്ത് വിതച്ചതിൽ നിന്ന് 10 കിലോഗ്രാം വിളവ് ലഭിച്ചു. കൂടാതെ കൃഷിസ്ഥലത്ത് കൂർക്ക, മരച്ചീനി, പയർ തുടങ്ങിയ വിവിധ ഇനം കൃഷികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നുണ്ട്.

ചടങ്ങിൽ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സി.സി ജയ, വാർഡ് മെമ്പർ കെ.ആർ രാജേഷ്, മഹാത്മാഗാന്ധി എൻആർഇജി അസി. എഞ്ചിനീയർ എൻ.എം ശ്യാമിലി, എൻആർഇജി മേറ്റ് ശ്രീജ പെരുംതോട്, എൻആർഇജി ജീവനക്കാരായ എം.വി വിദ്യ, ലിനി, നിയത, സംരക്ഷണ സമിതി ചെയർമാൻ ടി.എസ് ഷിജു തുടങ്ങിയവർ സംസാരിച്ചു.

കുടിവെള്ള വിതരണം; അവലോകന യോഗം ചേർന്നു

ചേലക്കര നിയോജക മണ്ഡലത്തിലെ ജല വിതരണവുമായി ബന്ധപ്പെട്ട അവലോകന യോഗം യു.ആർ പ്രദീപ് എംഎൽഎ യുടെ അധ്യക്ഷതയിൽ ചേർന്നു.

വേനൽ കടുത്തതോടെ ചേലക്കര നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നേരിടുന്ന കുടിവെള്ള ക്ഷാമം യോഗം വിലയിരുത്തി. വകുപ്പ് തലത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്നും എംഎൽഎ യോഗത്തിൽ ആവശ്യപ്പെട്ടു.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം അഷറഫ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ വി. തങ്കമ്മ, കെ. ശശിധരൻ, ഷെയ്ഖ് അബ്ദുൾ ഖാദർ, പി.പി സുനിത, കെ. ജയരാജ്, ഗിരിജ മേലേടത്ത് വൈസ് പ്രസിഡന്റ് എം. ഉദയൻ, വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ ബി.എ സുമ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

സമര കാഹളവുമായി കല്ലേറ്റുംകരയിൽ പ്രഭാതഭേരി

ഇരിങ്ങാലക്കുട : കല്ലേറ്റുംകരയിലുള്ള ഇരിങ്ങാലക്കുട റയിൽവേ സ്റ്റേഷൻ വികസനത്തെ അവഗണിച്ച് ഭാവിയിൽ സ്റ്റേഷൻ തന്നെ അടച്ചു പൂട്ടുവാനുള്ള ഗൂഢപദ്ധതിക്കെതിരെ ജനകീയ പ്രക്ഷോഭങ്ങൾക്കു തുടക്കം കുറിക്കുന്നതിന്റെ മുന്നോടിയായി കല്ലേറ്റുംകരയുടെ ഗ്രാമവീഥികളിലൂടെ റയിൽവേ സ്റ്റേഷൻ വികസന സമിതി പ്രവർത്തകർ സമര കാഹളവുമായി പ്രഭാത ഭേരി നടത്തി.

സമിതി പ്രവർത്തകർക്കൊപ്പം പ്രഭാത സവാരിക്കിറങ്ങിയവരും ഒത്തുചേർന്നപ്പോൾ നാട്ടുകാർ ആവേശഭരിതരായി മുദ്രാവാക്യങ്ങൾ ഏറ്റു വിളിച്ച് പ്രത്യഭിവാദ്യം ചെയ്തു. വർഗ്ഗീസ് പന്തല്ലൂക്കാരൻ, കെ .എഫ്. ജോസ്, സോമൻ ശാരദാലയം, ഡേവിസ് തുളുവത്ത്, ഐ.കെ. ചന്ദ്രൻ, ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ സുരേഷ് കൈതയിൽ എന്നിവർ നേതൃത്വം നൽകി.

പൗരസ്ത്യ കൽദായ സുറിയാനി സഭ ചേലക്കോട്ടുക്കര മാർ അപ്രേം പള്ളി യൂത്ത്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച മിൽത്ത (വചനം) സുവിശേഷ കൺവെൻഷൻ മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്യുന്നു. ഫെബ്രുവരി 16ന് ഞായറാഴ്ച കൺവെൻഷൻ സമാപിക്കും.

സൂര്യാതപം, ത്വക്ക് രോഗം, നേത്രരോഗം...; കൂടുതൽ സമയം യു വി രശ്മികൾ ശരീരത്തിൽ ഏൽക്കാതെ ശ്രദ്ധിക്കുക

തിരു : തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാം. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്ന് കെഎസ്ഡിഎംഎ അറിയിച്ചു.

പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയങ്ങളിലാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. ആയതിനാൽ ആ സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക.

പുറംജോലികളിൽ ഏർപ്പെടുന്നവർ, കടലിലും ഉൾനാടൻ മത്സ്യബന്ധനത്തിലും ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ, ജലഗതാഗതത്തിലേർപ്പെടുന്നവർ, ബൈക്ക് യാത്രക്കാർ, വിനോദസഞ്ചാരികൾ, ചർമരോഗങ്ങളുള്ളവർ, നേത്രരോഗങ്ങളുള്ളവർ, ക്യാൻസർ രോഗികൾ, മറ്റ് രോഗപ്രതിരോധശേഷി കുറഞ്ഞ വിഭാഗങ്ങൾ തുടങ്ങിയവർ പ്രത്യേകം ജാഗ്രത പാലിക്കണം.

പകൽ സമയത്ത് പുറത്തേക്ക് ഇറങ്ങുമ്പോൾ തൊപ്പി, കുട, സൺഗ്ലാസ് എന്നിവ ഉപയോഗിക്കാൻ ശ്രമിക്കുക. ശരീരം മുഴുവൻ മറയുന്ന കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കുന്നതായിരിക്കും ഉചിതം. യാത്രകളിലും മറ്റും ഇടവേളകളിൽ തണലിൽ വിശ്രമിക്കാൻ ശ്രമിക്കുക.

മലമ്പ്രദേശങ്ങൾ (High altitudes), ഉഷ്ണമേഖലാ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പൊതുവെ യുവി സൂചിക ഉയർന്നതായിരിക്കും. മേഘങ്ങളില്ലാത്ത തെളിഞ്ഞ ആകാശമാണെങ്കിലും ഉയർന്ന യുവി സൂചികയുണ്ടാവാം. ഇതിന് പുറമെ ജലാശയം, മണൽ തുടങ്ങിയ പ്രതലങ്ങൾ അൾട്രാവയലറ്റ് രശ്മികളെ പ്രതിഫലിപ്പിക്കുന്നതിനാൽ ഇത്തരം മേഖലകളിലും യുവി സൂചിക ഉയർന്നതായിരിക്കും. പ്രസിഡന്റ് ടി.കെ അജിതൻ തുടങ്ങിയവർ സംസാരിച്ചു.

മുരിയാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 479 മുരിയാട്

ഹെഡ് ഓഫീസ്: മുരിയാട് ബ്രാഞ്ചുകൾ: ആനന്ദപുരം, പാറേക്കാട്ടുകര

Mob: 8078811137, Email: contact@muriyadbank.com

നഷ്ടപ്പെട്ടു

ശ്രീമതി സിസിലി W/o.അന്തോണി, ചീനാൻ വീട്, ആനന്ദപുരം എന്നയാളുടെ പേരിലുള്ള മുരിയാട് സർവ്വീസ് സഹകരണ ബാങ്ക് ആനന്ദപുരം ബ്രാഞ്ചിൽ സ്ഥിരമായി നിക്ഷേപിച്ചിരുന്ന 50,000/- രൂപയുടെ 41166-ാം നമ്പർ രശീതി, 25000/- രൂപയുടെ 41239-ാം നമ്പർ രശീതി എന്നിവ തിരിച്ചെടുക്കാനാത്തവിധം നഷ്ടപ്പെട്ടിരിക്കുന്ന കാര്യം ബാങ്കിനെ അറിയിച്ചിരിക്കുന്നു. ഈ രശീതി അവർ ഏതെങ്കിലും സ്ഥാപനത്തിലോ വ്യക്തികൾക്കോ പണയപ്പെടുത്തുകയോ അല്ലെങ്കിൽ മറ്റു ഇടപാടുകൾക്ക് വേണ്ടി തന്നിട്ടുണ്ടെങ്കിലോ, ഈ പരസ്യ തിയ്യതി മുതൽ 15ദിവസത്തിനകം ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽപ്പറഞ്ഞ നിക്ഷേപ രശീതി പ്രകാരമുള്ള സംഖ്യ ഉടമസ്ഥന് അനുവദിക്കുന്നതാണെന്നും പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല എന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

മുരിയാട്, (ഒപ്പ്)
14-03-2025 **സെക്രട്ടറി**

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 2339/2023

Geo John
-Petitioner

Naveen M.P., aged 22 years, S/o. Pushpan, Menothuparambil House, Nadumuri, Manakody, Thrissur-680012
-Respondent No. 2

മേൽ നമ്പർ കേസ് 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് **27-10-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-03-2025
ഹരജിഭാഗം അഡ്വക്കെറ്റ്
പി കെ ജോൺ (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 172/2024

മധു പി മുതൽപേർ
-ഹരജിക്കാർ

1) പി കെ സക്കീർ, S/o. കോ